(എ) ഷോപ്പ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെൻറ് ആക്ടിന്റെ പരിധിയിൽനിന്നു സംസ്ഥാനത്തെ 'ടാറർ' ഓയിൽ മിൽ സെയിൽസ് ആഫീസുകളെ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണമെന്താണ്?

വിദ്യാഭ്യാസവും, തൊഴിലും, ക്ഷേമവും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഷോപ്പ്സ് ആൻഡ് എസ്റ്റാബ്ലിഷുമെൻറ് ആക്ടിലെ നാലാമത്തെ അദ്ധ്യായത്തിൽനിന്നും (ശമ്പളത്തോടുകൂടിയ അവധി) ഒഴിവാക്കിയിട്ടുണ്ട്.

(ബി) കമ്പനിയിൽ നിലവിലിരിക്കുന്ന ശമ്പളത്തോടുകൂടിയ അവധി നിയമങ്ങളും ആക്ടിലുള്ളവയെക്കാൾ ജോലിക്കാർക്ക് കൂടുതൽ ക്ഷേമകരമായിട്ടുള്ളതുകൊണ്ട് ആ അദ്ധ്യായത്തിൽ നിന്നും ഒഴിവാക്കി.

ശ്രീ. വി. ഗംഗാധരൻനായർ: ഈ ആക്ട് ഇപ്പോൾ നടപ്പിലുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: നടപ്പിലുണ്ട്.

സഞ്ചാരച്ചെലവ്

* ൨൨൨ (൩) †ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

൧൯൫൦-ൽ തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ ഓരോ മന്ത്രിയും സഞ്ചാരത്തിനായി ചെലവുചെയ്തിട്ടുള്ള സംഖ്യ എന്താണ്?

ധനകാര്യവും, റവന്യൂവും, നിയമവും വകുപ്പുമന്ത്രി ശ്രീ. എ. ജെ. ജാൺ:

		രൂ.	ണ.	സ.
ശ്രീ.	ടി. കെ. നാരായണപിള്ള	൩,൪൫൦	൫	൦
,,	എ. ജെ. ജോൺ	൨,൩൭൨	൨൨	൦
,,	പി. ഗോവിന്ദമേനോൻ	൧൦,൩൪൫	൧൪	൦
,,	എൻ. കുഞ്ഞുരാമൻ	൧,൪൪൭	൦	൦
,,	ഇ. ജോൺ ഫിലിപ്പോസ്	൩,൯൫൯	൪	൦

ശ്രീ. എ. കെ. പാച്ചുപിള്ള: ഒരു മന്ത്രിക്കു മാത്രം മറ്റുള്ളമന്ത്രിമാരുടെ സഞ്ചാരച്ചെലവിനേക്കാൾ മൂന്നിരട്ടി ചെലവാകുവാൻ കാരണമെന്താണ്?

ശ്രീ. എ. ജെ. ജാൺ: പല പ്രാവശ്യവും ഡൽഹിയിൽ പോയതുകൊണ്ടായിരിക്കാം കൂടുതൽ ചെലവു വന്നത്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: ഇതു തിരുവിതാംകൂർ–കൊച്ചി രാജ്യത്തിനകത്തു സഞ്ചരിച്ചതിനു വേണ്ടി വന്ന തുകയല്ലേ? ഡൽഹിയിൽ പോയതല്ലല്ലോ?

ശ്രീ. എ. ജെ. ജാൺ: ഡൽഹിയിൽ പോയതും ഈ രാജ്യത്തുതന്നെ സഞ്ചരിച്ചതും എല്ലാം ഇതിൽ പെട്ടിട്ടുണ്ട്.

ശ്രീ. മന്നാർ ഗോപാലൻ നായർ: മന്ത്രിമാരുടെ സഞ്ചാരച്ചിലവിനെ മൊത്തത്തിൽനിന്നു അനുവദിക്കുന്ന സംഖ്യ ഇത്രയെന്നു ക്ലിപ്തമില്ലേ?

ശ്രീ. എ. ജെ. ജോൺ: ൨൫ രൂപ മന്ത്രിമാരുടെ സഞ്ചാരച്ചിലവിനു നിശ്ചയിച്ചിരിക്കുന്നതു തിരുവിതാംകൂർ–കൊച്ചിരാജ്യത്തിനകത്തു അവർ സഞ്ചരിക്കുന്നതിന്റെ പ്രാരംഭച്ചെലവിലേയ്ക്കാണ്.

†This question was put by Sri. Sabastian Thoppil, with the permission of Mr. Speaker.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സഞ്ചാരപ്പടിക്ക നീക്കിവെച്ചിട്ടുള്ള സംഖ്യയിൽ ഏതെങ്കിലും ലാപ്സായിപ്പോയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ സംഖ്യ നീക്കിവെച്ചിട്ടില്ല.

ശ്രീ ഇട്ടീര അമ്മുക്കൻ: ഡൽഹിയിൽ മറ്റ മന്ത്രിമാരൊന്നും പോകാറില്ലോ:

ശ്രീ. എ. ജെ. ജോൺ: മറ്റുമന്ത്രിമാരും പോകാറുണ്ട്.

പൊതു ആരാധന സ്ഥലങ്ങൾ

*൨൬൨. (൧) ശ്രീ. റഫേൽ ജെ. റൊഡ്രിംഗ്സ്: തഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പുതുതായി ഒരു ആരാധനസ്ഥലം സ്ഥാപിക്കുന്നതിനു അതുപോലെ നിലവിലുള്ള ആരാധന സ്ഥലങ്ങളിൽ നിന്നു ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരമെന്താണു;

(ബി) കൊട്ടാരക്കര താലൂക്കിൽ കോട്ടുകാൽ എന്ന സ്ഥലത്തു് ഒരു പള്ളി സ്ഥാപിക്കുന്നതിനു അനുവാദത്തിനുള്ള അപേക്ഷയിന്മേൽ തഹസിൽദാർ അയച്ച റിപ്പോർട്ടിൽ തെറ്റായ ദൂരം പ്രസ്താവിച്ചിരുന്നു എന്നു കാണിച്ചു് ന—ട—ള താൽ കൊല്ലം ശുപതാധികാരിയിൽനിന്നും പരാതി ലഭിക്കുകയുണ്ടായോ;

(സി) അതിന്റെ സത്യാവസ്ഥ അറിയുന്നതിനു എന്തു ചെയ്തു?

വിദ്യാഭ്യാസവും, തൊഴിലും, ക്ഷേമവും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഒരു ആരാധനാസ്ഥലത്തിന്റെ വളരെ സമീപത്തിൽ പുതുതായി ഒരു ആരാധനാസ്ഥലം അനുവദിച്ചുകൂടാ എന്നല്ലാതെ ഒരു കുറഞ്ഞദൂരം നിശ്ചയിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ന—ട—ള താൽ കൊല്ലം ശുപതാധികാരിയിൽനിന്നും പരാതി കിട്ടിയിട്ടില്ലെന്നാണോ പറയുന്നതു?

ശ്രീ. ടി. കെ. നാരായണപിള്ള: പരാതി കിട്ടിയിട്ടില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിംഗ്സ്. ബഹുമാനപ്പെട്ട മന്ത്രിയുടെ കയ്യിൽ തന്നെ ആ പരാതി ഞാൻ തന്നെ തന്നതായിരുന്നുവെന്നു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: പരാതി തന്നിരിക്കാം. പക്ഷെ അതു് റിക്കാർട്ടുകളുടെ കൂട്ടത്തിൽ കാണുന്നില്ല.

ശ്രീ. ഇട്ടീര അമ്മുക്കൻ: ഇതു ദൂരം വേണമെന്നു ഖണ്ഡിതമായി കുറിപ്പെടുത്തുവാൻ ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. ഇട്ടീര അമ്മുക്കൻ: അതിനെക്കുറിച്ചു് ആലോചിക്കുവാൻ ഭയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

Sri A. K. George: May I know whether these applications for places of public worship are being forwarded to the Devaswom Board?

LIBRARY ARCHIVES Kerala Legislative Assembly